# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11-03-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഏകദിന സന്ദർശനത്തിനായി കേരളത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് കൊച്ചിയിൽ ഊഷ്മള വരവേൽപ്. 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അൽപസമയത്തിനകം തുടക്കം കുറിക്കും.

**Prime Minister Narendra Modi, who arrived in Kerala for a one-day visit, received a warm welcome in Kochi. PM will inaugurate development projects worth ₹10,800 crore.**

2) ധീവരസഭയുടെ സുവർണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നു. എൻഡിഎ സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

**The Prime Minister is attending the Golden Jubilee celebrations of the Dheevara Sabha in Kochi Marine Drive. He will also address the NDA Public rally today.**

3) എൽപിജി വില വർദ്ധനയും മറ്റ് വിഷയങ്ങളും ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെൻറ് ഇന്നും പ്രക്ഷുബ്ധം. സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രതിപക്ഷ പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച പുനരാരംഭിച്ചു.

Lok Sabha was adjourned till 12 noon following uproar by the Opposition over rising LPG prices and other issues. Discussion has resumed in the Lok Sabha on the opposition's motion seeking the removal of the Speaker.

4) ഇന്ത്യയിലെ ഇൻറർനെറ്റ് സേവനങ്ങൾ ലോകത്തിലെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ളതാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

Electronics and IT Minister Ashwini Vaishnaw has said that internet services in India is most affordable in the world.

5) രാജ്യത്ത് ഊർജ്ജ പ്രതിസന്ധിയില്ലെന്നും, ഗാർഹിക ഉപഭോക്താക്കൾ പരിഭ്രാന്തരാകേണ്ട സാഹചര്യം നിലനിൽക്കുന്നില്ലെന്നും കേന്ദ്ര സർക്കാർ.

The Government has assured that there is no energy shortage for domestic consumers in the country and no reason to panic.

6) വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫെയറിൽ ഇന്ന് ഇന്ത്യ - വെയിൽസ് പോരാട്ടം.

In the Women's Hockey World Cup Qualifier, India will take on Wales today.

&&&&&&&&&&&&&&&&&&

**HEADLINE-1 & 2**

## PM KOCHI INAUGURATION (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി ഒരു ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തി. കൊച്ചി വിമാനത്താവളത്തിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. ധീവരസഭയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. കൊച്ചി മറൈൻ ഡ്രൈവിൽ അദ്ദേഹം ചടങ്ങിനെ അഭിസംബോധന ചെയ്യുകയാണ്. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി ധീവരസഭ നൽകുന്ന സംഭാവനകളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. കലൂർ സ്റ്റേഡിയത്തിൽ നടക്കുന്ന മറ്റൊരു ചടങ്ങിൽ 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി അൽപസമയത്തിനകം തുടക്കം കുറിക്കും. ബിപിസിഎൽ കൊച്ചി എണ്ണശുദ്ധീകരണശാലയിലെ 5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിന്റെ ശിലാസ്ഥാപനത്തിന് പുറമേ വിവിധ റോഡ്, റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും.

വിശദാംശങ്ങളിലേക്ക് ....

## (VO)

2,650 കോടി രൂപ ചെലവിൽ നിർമിച്ച തലപ്പാടി-ചെങ്കള ആറുവരിപ്പാത, 2,140 കോടി രൂപ ചെലവിൽ നിർമിച്ച വെങ്ങളം- രാമനാട്ടുകര ആറുവരി ബൈപ്പാസ് പാത എന്നീ ദേശീയ പാത പദ്ധതികൾ കലൂർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പിഎം ഗ്രാം സഡക് യോജനയിലൂടെ നിർമിച്ച 23 ഗ്രാമീണ റോഡുകളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്കുകീഴിൽ പുനർനിർമിച്ച ഷൊർണൂർ, കുറ്റിപ്പുറം, ചങ്ങനാശേരി റെയിൽവേ സ്റ്റേഷനുകളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങളോട് കൂടിയാണ് ഈ സ്റ്റേഷനുകൾ ആധുനികവൽക്കരിച്ചത്. ഷൊർണൂർ-നിലമ്പൂർ റോഡ് റെയിൽപാത വൈദ്യുതവൽക്കരണപദ്ധതി രാഷ്ട്രത്തിനു സമർപ്പിക്കുന്ന പ്രധാനമന്ത്രി പാലക്കാട്-പൊള്ളാച്ചി ട്രെയിൻ സർവീസിന്റെ ഫ്ലാഗ് ഓഫും നിർവഹിക്കും. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിങ് സോളാർ പദ്ധതിക്കും അദ്ദേഹം തറക്കല്ലിടും.

ന്യൂസ് ഡസ്ക്, ആകാശവാണി.

***<u>കലൂർ സ്റ്റേഡിയത്തിൽ ബി.ജെ.പി സംഘടിപ്പിക്കുന്ന 'വികസിത കേരളം മോദിക്കൊപ്പം' പരിപാടിയെയും അദ്ദേഹം ഇന്ന് അഭിസംബോധന ചെയ്യും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ സുരക്ഷ കർശനമാക്കി. വൈകുന്നേരം നാല് മണി വരെ ഗതാഗത ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.</u>***

&&&&&&&&&&&&&&&

**<u>PM- TN VISIT</u>**

കേരള സന്ദർശനത്തിന് ശേഷം ഇന്ന് വൈകുന്നേരം തമിഴ്നാട്ടിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി 5,650 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തിരുച്ചിറപ്പള്ളിയിൽ തുടക്കം കുറിക്കും. രണ്ട് അമൃത് ഭാരത് ട്രെയിനുകൾ, രാമേശ്വരം-മംഗളൂരു , തിരുനെൽവേലി-മംഗളൂരു എക്സ്പ്രസ് ട്രെയിനുകൾ, മയിലാടുതുറൈ-കാരൈക്കുടി പാസഞ്ചർ എന്നിവ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

&&&&&&&&&&&&&&&

**<u>HEADLINE-3</u>**

**<u>PARLIAMENT</u>**

എൽപിജി വില വർദ്ധനയും മറ്റ് വിഷയങ്ങളും ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെന്റ് ഇന്നും പ്രക്ഷുബ്ധം. 12 മണി വരെ നിർത്തിവച്ച ലോക്സഭാ നടപടികൾ പിന്നീട് പുനരാരംഭിച്ചു.സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന

പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച തുടരുകയാണ്. ഇന്നലെ കോൺഗ്രസ് എംപി മുഹമ്മദ് ജാവേദാണ് പ്രമേയം അവതരിപ്പിച്ചത്. രാജ്യസഭയിലും നടപടികൾ പുരോഗമിക്കുകയാണ്. ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ ഇന്നും തുടരും.

&&&&&&&&&&&&&&&

**<u>HEADLINE-4</u>**

**LS-VAISHNAW (INTRO)**

***ഇന്ത്യയിലെ ഇന്റർനെറ്റ് സേവനങ്ങൾ ലോകത്തിലെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ളതാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ലോക്സഭയിൽ ചോദ്യോത്തര വേളയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയിലൂടെ കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്റർനെറ്റ് സേവനങ്ങൾ താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുന്നതിനും ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലുമാണ് കേന്ദ്രസർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്തെ ഇന്റർനെറ്റ് ഉപഭോക്താക്കളുടെ എണ്ണം 103 കോടിയായി ഉയർന്നതായും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു***

***(ഹോൾഡ് -അശ്വിനി വൈഷ്ണവ്)***

***രാജ്യത്ത് ട്രെയിനുകളുടെ സുരക്ഷ ഉറപ്പാക്കുന്ന 'കവച്' ഓട്ടോമാറ്റിക് ട്രെയിൻ പ്രൊട്ടക്ഷൻ സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്നും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.***

&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&

**HEADLINE-5**

**HARDEEP SINGH PURI**

രാജ്യത്ത് ഊർജ്ജ പ്രതിസന്ധിയില്ലെന്നും, ഗാർഹിക ഉപഭോക്താക്കൾ പരിഭ്രാന്തരാകേണ്ട സാഹചര്യം നിലനിൽക്കുന്നില്ലെന്നും കേന്ദ്ര സർക്കാർ. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യതയും, ഇറക്കുമതിയും ഉറപ്പുവരുത്തിയതിന് പുറമേ എൽപിജി ഉത്പാദനം വർദ്ധിപ്പിക്കാൻ എണ്ണ കമ്പനികൾക്ക് നിർദ്ദേശം നൽകിയതായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ്ങ് പുരി വ്യക്തമാക്കി. പശ്ചിമേഷ്യൻ സംഘർഷം എൽപിജി, ഇന്ധന

വിതരണത്തിൽ വെല്ലുവിളികൾ സൃഷ്ടിക്കുന്ന സാഹചര്യത്തിലാണ് നടപടി. ഗാർഹിക ഉപഭോക്താക്കൾക്ക് CNG, PNG ലഭ്യത പൂർണമായും ഉറപ്പുവരുത്തും. മറ്റ് വ്യവസായങ്ങൾക്ക് 70 മുതൽ 80 ശതമാനം വരെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ഗാർഹിക എൽപിജി ഉപഭോക്താക്കൾക്ക് സിലിണ്ടർ ബുക്കിങ്ങുകൾക്കിടയിലെ ഇടവേള 25 ദിവസം ആക്കിയതിന് പുറമേ, ഗാർഹികേതര എൽപിജി വിതരണത്തിൽ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ അവശ്യ മേഖലകൾക്കാണ് മുൻഗണന നൽകുന്നത്. ഹോട്ടൽ, റെസ്റ്റോറന്റ് മേഖല അടക്കമുള്ള ഉപഭോക്താക്കളുടെ എൽപിജി ആവശ്യം വിലയിരുത്താനായി മൂന്നംഗ സമിതിയെയും പെട്രോളിയം മന്ത്രാലയം നിയോഗിച്ചു.

&&&&&&&&&&&&&&&

**JAISHANKAR TALKS TO FMs**

പശ്ചിമേഷ്യയിലെ സംഘർഷവുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്നലെ ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യയുമായി ബന്ധം തുടരുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അറിയിച്ചതായി ശ്രീ. ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

**SC Passive Euthanasia**

രാജ്യത്ത് ആദ്യമായി ദയാവധത്തിന് അനുമതി നൽകി സുപ്രീംകോടതി. 13 വർഷമായി കോമയിൽ കഴിയുന്ന 32 കാരനായ ഉത്തർ പ്രദേശി ഹരീഷ് റാണയ്ക്കാണ് ദയാവധത്തിന് അനുമതി നൽകിയത്. ജീവൻ നിലനിർത്തിയിരുന്ന കൃത്രിമോപരണങ്ങൾ മാറ്റി സ്വാഭാവിക മരണം സാധ്യമാക്കുന്നതിനാണ് കോടതിയുടെ അനുമതി. വൃദ്ധ മാതാപിതാക്കളുടെ ഹർജിയിൽ ജസ്റ്റിസ് ജെ ബി പർദിവാലയും ജസ്റ്റിസ് കെ വി വിശ്വനാഥനും അടങ്ങുന്ന ബെഞ്ചാണ് അനുമതി നൽകിയത്.

&&&&&&&&&&&&&&&

**ISI AGENT NABBED**

പാകിസ്ഥാൻ രഹസ്യാന്വേഷണ ഏജൻസിയായ ഐഎസ്ഐ യ്ക്ക് വേണ്ടി ചാരവൃത്തി നടത്തിയതിന് നാവിക ഉദ്യോഗസ്ഥൻ അറസ്റ്റിൽ. ഉത്തർപ്രദേശ് ഭീകരവിരുദ്ധ സ്ക്വാഡായ എടിഎസ്സാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കൊച്ചി ദക്ഷിണ നാവിക കമാൻഡിലെ ലാൻസ് നായിക് ആയ ആഗ്ര സ്വദേശി ആദർശ് കുമാർ എന്ന ലക്കിയാണ് പിടിയിലായത്. ഐഎസ്ഐ ഏജന്റിന് തന്ത്രപ്രധാനമായ വിവരങ്ങളും, പണവും കൈമാറിയതായി വിവരങ്ങൾ ലഭിച്ചെന്ന് എടിഎസ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&

**THARANJITH SINGH SADHU**

23-ാമത് ഡൽഹി ലെഫ്റ്റനന്റ് ഗവർണറായി തരൺജിത് സിംഗ് സന്ധു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ലോക് നിവാസിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് സത്യവാചകം ചൊല്ലിക്കൊടുക്കും.

&&&&&&&&&&&&&&&

**HEADLINE-6**

**FIH- HOCKEY**

എഫ്.ഐ.എച്ച് വനിതാ ഹോക്കി ലോകകപ്പ് 2026 യോഗ്യതാ മത്സരത്തിൽ, പൂൾ ബിയിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും. ഹൈദരാബാദിൽ വൈകുന്നേരം 7:30 നാണ് മത്സരം.

&&&&&&&&&&&&&&&

**HEAT WAVE**

സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&

**US TROOPS**

ഇറാനെതിരായ സൈനിക നടപടി 'ഓപ്പറേഷൻ എപ്പിക് ഫ്യൂറി' ആരംഭിച്ച് ആദ്യ പത്ത് ദിവസത്തിനിടെ 140 അമേരിക്കൻ സൈനികർക്ക് പരിക്കേറ്റതായി യുഎസ് പ്രതിരോധ വകുപ്പ്. പശ്ചിമേഷ്യയിലെ സംഘർഷത്തിലെ യുഎസ് സൈനിക നീക്കത്തെക്കുറിച്ച് പബ്ലിക് ഹിയറിംഗ് നടത്തണമെന്ന് സെനറ്റിലെ ഡെമോക്രാറ്റിക് പാർട്ടി അംഗങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രതിരോധവകുപ്പിന്റെ ഔദ്യോഗിക വക്താവ് ഷോൺ പാർനെലാണ് കണക്കുകൾ പുറത്തുവിട്ടത്. എന്നാൽ ആക്രമണങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല.

&&&&&&&&&&&&&&&

**MADAGASCAR-RELIEF MATERIALS**

ചുഴലിക്കാറ്റ് നാശം വിതച്ച മഡഗാസ്കറിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണയുമായി ഇന്ത്യ. 12 ടൺ ചികിത്സാ സാമഗ്രികളും , 18 ടൺ ദുരന്ത നിവാരണ സാധന സാമഗ്രികളും വഹിച്ചുകൊണ്ട് ഇന്ത്യൻ വ്യോമസേനയുടെ സി-17 വിമാനം മഡഗാസ്കറിൽ എത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&

**SENSEX+ GOLD RATE**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,007 പോയിന്റ് നഷ്ടത്തിൽ 77,198 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 287 പോയിന്റ് താഴ്ന്ന് 23,973 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കൂടി. പവന് 680 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,760 രൂപയും ഗ്രാമിന് 14,970 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&